'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പഞ്ചായത്ത് വക ജീപ്പ് ദുർവിനിയോഗം ചെയ്തത് സംബന്ധിച്ച ആരോപണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം.**1014/2019**/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 20/05/2019

---

പരാമർശം:- 1 വിജിലൻസ് ഡയറക്ടറുടെ 22/02/2011-ലെ ഇ5-14730/2010 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 13/08/2014ലെ ഡി5-6358/2011 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 11/03/2019ലെ 3049/2019/-ഡി5(ഡിപി) നമ്പർ കത്ത്.

### ഉത്തരവ്

എരുമേലി ഗ്രാമപഞ്ചായത്ത് വക ജീപ്പ് 9/12/2009ൽ ആ കാലയളവിൽ പ്രസിഡന്റായിരുന്ന ശ്രീ.പി.എ.ഇർഷാദ് ദുർവിനിയോഗം ചെയ്തതിനാൽ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2)-ലെ കത്ത് മുഖേന പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറി നിയോഗിക്കാത്ത ഡ്രൈവറെ ഉപയോഗിച്ച് തിരുവനന്തപുരത്തേയ്ക്കുള്ള യാത്രയിൽ വാഹനം ഓടിക്കുകയും അതുവഴി പഞ്ചായത്തിന് നഷ്ടം വരുത്തുകയും ചെയ്തു എന്നതാണ് പ്രസിഡന്റിന് എതിരെയുള്ള ആരോപണം.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 (ജെ) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SINDHU. L.**

സ്പെഷ്യല് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോപ്ലക്സ് , പാളയം ,തിരുവനന്തപുരം. (ഫയൽ നം ഇഎം2/32/2014/തസ്വഭവ നഫ 74 പേജ് +കു.ഫ 10 പേജ് )

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻ (വെബ് & ന്യൂ മീഡിയ ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ